# Malayala Manorama

## 19 August 2018

## Kerala Dams, Shutters

# ഷട്ടറുകൾ കൂടുതൽ ഉയർത്തി
# കക്കി - ആനത്തോട്, പമ്പ



- ഇടുക്കി: 2402 അടി
- മുല്ലപ്പെരിയാർ: 141 അടി

ഇടുക്കിയിൽ മൂന്നു ഷട്ടറുകളും മുല്ലപ്പെരിയാറ്റിൽ 13 സ്പിൽവേ ഷട്ടറുകളും തുറന്നിരിക്കുന്നു.

- ബാണാസുര: 774.45 എംഎസ്എൽ

നാലു ഷട്ടറുകളിൽ ഒന്ന് അടച്ചു. ഷട്ടറുകളുടെ ഉയരം 265 സെന്റീമീറ്ററിൽനിന്നു 30 സെന്റീമീറ്ററായി കുറച്ചു.

- കാരാപ്പുഴ: 758.2 എംഎസ്എൽ
- പഴശ്ശി: 17.3 മീറ്റർ

16 ഷട്ടറുകളിൽ പതിനഞ്ചെണ്ണവും തുറന്ന നിലയിൽ.

- കക്കി - ആനത്തോട്: 981.43 മീറ്റർ

കക്കി - ആനത്തോട് അണക്കെട്ടിന്റെ ഷട്ടറുകൾ അൽപംകൂടി ഉയർത്തി. ആനത്തോട് അണക്കെട്ടിൽ മൂന്നു ഷട്ടറുകൾ 15 സെന്റീമീറ്റർകൂടി ഉയർത്തി. ഒരു ഷട്ടർ രണ്ടര അടിയിൽത്തന്നെ തുടരുന്നു.

- പമ്പ: 985.8 മീറ്റർ. അണക്കെട്ടിന്റെ മൂന്നു ഷട്ടറുകൾ ഒരടിയിൽനിന്നു രണ്ടടിയായും രണ്ടു ഷട്ടറുകൾ ഒന്നര അടിയായും ഉയർത്തി. ഷട്ടറുകൾ ഉയർത്തിയതോടെ റാന്നി ഭാഗത്തു ചിലയിടങ്ങളിൽ രണ്ടടിയോളം വെള്ളം ഉയർന്നു. പമ്പാതീരവാസികൾ ജാഗ്രത പാലിക്കണമെന്ന് അധികൃതരുടെ മുന്നറിയിപ്പുണ്ട്.
- ഇടമലയാർ: 168.41 മീറ്റർ

ഡാമിൽനിന്നുള്ള നീരൊഴുക്കു സെക്കൻഡിൽ 400 ഘനമീറ്ററായി കുറച്ചതോടെ പെരിയാറിലെ ജലനിരപ്പ് താഴ്ന്നു.

- മലമ്പുഴ: 113.96 മീറ്റർ

120 സെന്റീമീറ്റർ ഉയർത്തിയിരുന്ന നാലു ഷട്ടറുകളും 30 സെന്റീമീറ്ററാക്കി താഴ്ത്തി.

- ഭൂതത്താൻകെട്ട് അണക്കെട്ടിലെ ജലനിരപ്പ് 31 അടിയായി കുറഞ്ഞു.
- തെന്മല പരപ്പാർ: 386.09 അടി

മൂന്നു ഷട്ടറും നാലര അടിയായി ഉയർത്തി.